**കേരള സർക്കാർ**

സംഗ്രഹം

**തദ്ദേശ സ്വയംഭരണ വകുപ്പ് - എസ്റ്റാ - കുടുംബശ്രീ കമ്മ്യൂണിറ്റി ഓർഗനൈസർമാരുടെ നിയമന രീതി പ്രവർത്തനമേഖല പ്രതിഫലം - പരിഷ്ക്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് ഉത്തരവാകുന്നു.**

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാ)നം.2575/10/തസ്വഭവ** **തിരുവനന്തപുരം, തീയതി: 4/8/2010.**

---

പരാമർശം:- 1. 12/1/2010 ലെ സ.ഉ (എം.എസ്) നമ്പർ 8/2010/തസ്വഭവ.
2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 8/7/2010 ലെ കെ.എസ്/എഫ്/5898/09-30 നമ്പർ കുറിപ്പ്.

**ഉത്തരവ്**

നഗര സിഡിഎസുകളിലെ കമ്മ്യൂണിറ്റി ഓർഗനൈസർമാരുടെ ചുമതലകൾ അവരെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്നിവ അംഗീകരിച്ചുകൊണ്ട് പരാമർശം ഒന്ന് പ്രകാരം സർക്കാർ ഉത്തരവായിരുന്നു. എന്നാൽ പരിഷ്കരിച്ച എസ്.ജെ.എസ്.ആർ.വൈ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം കമ്മ്യൂണിറ്റി ഓർഗനൈസർമാർ സാമൂഹ്യാധിഷ്ഠിത സംഘടനാസംവിധാനത്തിൽ നിന്നുള്ളവരായിരിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ടെന്നും മേൽ സാഹചര്യത്തിൽ കമ്മ്യൂണിറ്റി ഓർഗനൈസർമാരുടെ പ്രവർത്തന മേഖല, നിയമനരീതി, പ്രതിഫലം എന്നിവ സംബന്ധിച്ച പരിഷ്ക്കരിച്ച മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കാവുന്നതാണെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം രണ്ടിലെ കുറിപ്പിലൂടെ സർക്കാരിനോടഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നഗരസി.ഡി.എസുകളിലെ കമ്മ്യൂണിറ്റി ഓർഗനൈസർമാരുടെ പ്രവർത്തനമേഖല, നിയമന രീതി, പ്രതിഫലം എന്നിവ സംബന്ധിച്ച് ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള പരിഷ്ക്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം
പി.ശ്യാമള
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ സി.ഡി.എസ് മെമ്പർ സെക്രട്ടറിമാർക്കും (കുടുംബശ്രീ, എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പിന് (13/7/2010 ലെ 27696/ഡിഎ1/2010/തസ്വഭവ നമ്പർ കുറിപ്പ് പ്രകാരം)
ഡയറക്ടർ ഇൻഫർമേഷൻ കേരളമിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

## കമ്മ്യൂണിറ്റി ഓർഗനൈസർ (സി.ഒ)മാരുടെ നിയമന രീതി

പ്രാദേശിക ഭരണത്തിൽ സാമൂഹ്യ മേൽനോട്ടം ഉറപ്പുവരുത്തുന്നതിന് നഗരസഭകളുമായുള്ള ഇടപെടലുകളിൽ സിഡിഎസുകളെ ഒരോ മേഖലയിലും വൈദഗ്ദ്ധ്യ കേന്ദ്രങ്ങളാക്കി വികസിപ്പിക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ എല്ലാ നഗരസഭകളിലും സിഡിഎസുകൾ നിലവിലുള്ളതിനാലും, എല്ലാ സിഡിഎസുകളൾക്കും ഉപസമിതികൾ നിലവിലുള്ളതിനാലും താഴെ പറയുന്ന ഉപസമിതികളുടെ കൺവീനർമാരെ കമ്മ്യൂണിറ്റി ഓർഗൈനൈസർമാരായി നിയമിക്കാവുന്നതാണ്

1. സാമ്പത്തിക ഉപസമിതി കൺവീനർ
2. മൈക്രോ എന്റർപ്രൈസ് ഉപ സമിതി കൺവീനർ
3. സാമൂഹ്യ വികസന ഉപ സമിതി കൺവീനർ
4. കേന്ദ്രാവിഷ്കൃത പദ്ധതകളുടെ ഉപ സമിതി കൺവീനർ
5. അടിസ്ഥാന സൗകര്യം വികസന ഉപസമതി കൺവീനർ (സംഘകൃഷി, നഗര തൊഴിൽ മേഖലയ്ക്ക്).

ഉപസമിതികളുടെ കാലാവധി സിഡിഎസുകളുടെ ഇലക്ഷനുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ സിഒ മാരുടെ കാലാവധി സിഡിഎസ് കാലാവധി തന്നെയായിരിക്കും. ഈ നിയമന രീതി മൂലം സിഒ മാർ പൂർണ്ണമായും സാമൂഹ്യ സംവിധാനത്തിൽ നിന്നുള്ളവരായിരിക്കും എന്ന് ഉറപ്പാക്കുന്നതിന് സാധിക്കും. സി.ഒ.മാർക്ക് നിശ്ചയിച്ചിട്ടുള്ള ഉത്തരവാദിത്വങ്ങൾ അനുബന്ധം (1)ൽ ചേർത്തിരിക്കുന്നു.

ഈ സാഹചര്യത്തിൽ നഗരസഭാ സി.ഡി.എസ്സുകളിൽ നിലവിൽ സേവനം അനുഷ്ടിക്കുന്ന സി.ഒ.മാരെ താഴെപറയുന്ന പ്രകാരം പുനർവിന്യസിക്കാവുന്നതാണ്.

1) സൂചന (1) പ്രകാരം പുതുതായി കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ നിന്നും സി.ഒ.മാരുടെ നിയമനം നടത്തിയിട്ടുള്ള നഗരസഭകളിൽ ഇപ്പോൾ നിയമിച്ചിട്ടുള്ള സി.ഒ.മാർ ഒരു വർഷത്തേയ്ക്ക് തുടരാൻ അനുവദിക്കാവുന്നതാണ്. ഇത്തരത്തിൽ നിയമനം നടത്തിയിട്ടുണ്ടെന്ന് വിവരം ലഭ്യമായിട്ടുള്ള കാഞ്ഞങ്ങാട്, മലപ്പുറം,

പൊന്നാനി, തിരൂർ, പെരിന്തൽമണ്ണ എന്നീ നഗരസഭകളിൽ ഉപസമിതി കൺവീനർമാരെ ആവശ്യമെങ്കിൽ സി.ഒ മാരായി നിയമിക്കാവുന്നതാണ്.

2) നഗരസഭാ ജീവനക്കാരെ അധിക വേതനം നല്കി, സി.ഒ.മാരായി നിയോഗിച്ചിട്ടുള്ള നഗരസഭകൾ ഈ ജീവനക്കാരെ സി.ഒ. ചുമതലയിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

3) കരാർ അടിസ്ഥാനത്തിൽ നിയോഗിക്കപ്പെട്ട് പിന്നീട് സ്ഥിരപ്പെടുത്തപ്പെട്ട 9 സി.ഒ.മാരും താല്കാലിക അടിസ്ഥാനത്തിൽ ഹോണറേറിയം വ്യവസ്ഥയിൽ നിയോഗിക്കപ്പെട്ടിട്ടുള്ള 4 സി.ഒ.മാരുമുള്ള കൊച്ചി നഗരസഭയ്ക്ക് ഇവരുടെ പുനർവിന്യാസം സംബന്ധിച്ച് വിശദമായ ഉത്തരവ് പിന്നീട് നല്കാവുന്നതാണ്.

4) താല്കാലിക അടിസ്ഥാനത്തിൽ ഹോണറേറിയം വ്യവസ്ഥയിൽ സി.ഒ.മാരെ നിയോഗിച്ചിട്ടുള്ള വടകര (2 പേർ), കൊയിലാണ്ടി (2 പേർ), കോഴിക്കോട് (8 പേർ) നഗരസഭകൾക്ക് ഇവരുടെ പുനർവിന്യാസം സംബന്ധിച്ച് വിശദമായ ഉത്തരവ് പിന്നീട് നല്കാവുന്നതാണ്.

**<u>സി.ഒ.മാരുടെ പ്രതിഫലം (ഓണറേറിയം)</u>**

സി.ഒ.മാർക്ക് പ്രതിമാസം 1500/- രൂപ ഓണറേറിയം നൽകാവുന്നതാണ്. നഗരസഭകളിൽ 8 കിലോമീറ്ററിന് പുറത്തുള്ള യാത്രകൾക്കും, നഗരസഭയ്ക്ക് പുറത്തുള്ള യാത്രാകൾക്കും യഥാർത്ഥ യാത്രാ ചെലവ് അനുവദിക്കാവുന്നതാണ്. ടെലിഫോൺ അലവൻസായി പ്രതിമാസം 200/-രൂപ നല്കാവുന്നതാണ്. ഈ ചെലവുകൾ എസ്ജെഎസ്ആർവൈ പദ്ധതിയുടെ UCDN ഘടകത്തിൽ നിന്നും നൽകാവുന്നതാണ്.

സിഒ മാരുടെ പ്രതിമാസ പ്രവർത്തന റിപ്പോർട്ട് (തീയതി ക്രമത്തിൽ) സിഡിഎസ് ചെയർപേഴ്സന് സമർപ്പിക്കേണ്ടതാണ്. സിഡിഎസ് കമ്മറ്റി ഈ പ്രവർത്തന റിപ്പോർട്ട് പരിശോധിക്കേണ്ടതും സിഡിഎസ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഓണറേറിയം അനുവദിക്കേണ്ടതുമാണ്. സിഒ മാരുടെ പ്രവർത്തനം തൃപ്തികരമല്ലെന്നു കണ്ടാൽ ഓണറേറിയം തടഞ്ഞുവയ്ക്കേണ്ടതും, വിവരം ജില്ലാമിഷൻ കോ-ഓർഡിനേറ്ററെ അറിയിക്കേണ്ടതുമാണ്.

സി.ഡി.എസ്സിന്റെ പ്രവർത്തനങ്ങൾ മുഖ്യമായും 5 മേഖലകളിൽ ഉള്ളവയാണ്.

- ലഘു സമ്പാദ്യ മേഖല
- സൂക്ഷ്മ സംരംഭ മേഖല
- സാമൂഹ്യ വികസന മേഖല
- കേന്ദ്രാവിഷ്കൃത പദ്ധതി നിർവ്വഹണം
- സംഘകൃഷി, നഗര തൊഴിൽ മേഖല

സി.ഒ.മാരുടെ പ്രവർത്തനങ്ങൾ ഇതേ മേഖലകളിൽ ക്രമീകരിക്കുന്നത് ഉചിതമായിരിക്കും. ഓരോ മേഖലയിലും ഉള്ള സി.ഒ.മാരുടെ പ്രവർത്തനങ്ങൾ എന്തൊക്കെ ആയിരിക്കണം എന്ന് താഴെ പ്രതിപാദിച്ചിരിക്കുന്നു.

<u>സി.ഒ.മാരുടെ പൊതു ചുമതലകൾ</u>

1. അയൽക്കൂട്ട എഡിഎസ് തലങ്ങളിലെ കണക്കുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നതിന് സിഡിഎസ് നിർദേശിക്കുന്ന സഹായങ്ങൾ ലഭ്യമാക്കുക
2. ത്രിതല സംഘടനാ സംവിധാനങ്ങളുയും, വിവിധ പദ്ധതികളുടേയും/മേഖലകളുടേയും എം.ഐ.എസ് തയ്യാറാക്കുന്നതിനും, നാളതീകരിക്കുന്നതിനും സിഡിഎസ്/അക്കൗണ്ടന്റ് ആവശ്യപ്പെടുന്ന വിവരങ്ങൾ ലഭ്യമാക്കുക.
3. വിവിധ പദ്ധതികളുടെ രൂപീകരണത്തിനും നടത്തിപ്പിനും, സംഘടനാ സംവിധാനത്തിന്റെ ശാക്തീകരണത്തിനും എഡിഎസ്/സിഡിഎസ് കൾ നിർദേശിക്കുന്ന സർവ്വേ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക
4. അയൽക്കൂട്ട തലങ്ങളിലെ ഭരണസമിതി- ഭാരവാഹി സ്ഥാനങ്ങളിലെ ഒഴിവുകൾ യഥാസമയം സിഡിഎസിനെ അറിയിക്കുക
5. പുതിയ അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിനും, അഫിലിയേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിനും എഡിഎസ്/സിഡിഎസ് സംവിധാനങ്ങൾക്ക് നിർദേശിക്കുന്ന നടപടികൾ സ്വീകരിക്കുക.
6. ബിപിഎൽ ലിസ്റ്റിൽപ്പെട്ട എല്ലാ കുടുംബങ്ങൾക്കും അയൽക്കൂട്ടങ്ങളിൽ അംഗങ്ങളാക്കുന്നതിനും ഇത് ഉറപ്പുവരുത്തുന്നതിനും സിഡിഎസ്/എഡിഎസ് ആവശ്യപ്പെടുന്ന നടപടികൾ സ്വീകരിക്കുക
7. നിവലിലുള്ള അയൽക്കൂട്ടങ്ങളുടേയും, എഡിഎസുകളുടേയും അഫിലിയേഷൻ യഥാസമയം പുതുക്കുന്നതിനാവശ്യമായ വിവരങ്ങൾ ലഭ്യമാക്കുക

8. വിവിധ പരിശീലനങ്ങൾ, ക്യാമ്പിയിനുകൾ, എന്നിയുടെ ഫലപ്രമായ സംഘാടനത്തിന് സിഡിഎസ്/എഡിഎസ് നിർദേശിക്കുന്ന പ്രവർത്തനങ്ങൾ നിർവ്വഹിക്കുക.

<u>ലഘു സമ്പാദ്യ മേഖല</u>

1. അയൽക്കൂട്ടങ്ങളെ ഗ്രേഡിംഗിന് പ്രാപ്തരാക്കുക, ഗ്രേഡിംഗ് നടപടികൾ പൂർത്തീകരിക്കുക, ധനകാര്യ സ്ഥാപനങ്ങളുമായി ലിങ്ക് ചെയ്യുക എന്നീ പ്രവർത്തനങ്ങളിൽ സിഡിഎസ് / എഡിഎസ് ആവശ്യപ്പെടുന്ന സേവനങ്ങൾ ലഭ്യമാക്കുക
2. അയൽക്കൂട്ടങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നതിന് ആവ്ശ്യമായ നടപടികൾ സ്വീകരിക്കുക, വായ്പാ തിരിച്ചടവ് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ എഡിഎസ്/സിഡിഎസ് തീരുമാനപ്രകാരം കൈക്കൊള്ളുക
3. മാച്ചിംഗ് ഗ്രാന്റ് ലഭ്യമാക്കുന്നതിന് എഡിഎസ്/സിഡിഎസ് ആവശ്യപ്പെടുന്ന സേവനങ്ങൾ ലഭ്യമാക്കുക
4. വായ്പ അടച്ചു തീർത്ത അയൽക്കൂട്ടങ്ങൾക്ക് രണ്ടാം വായ്പ നേടിയെടുക്കുന്നതിനാവശ്യമായ നടപടികൾ എഡിഎസ്/സിഡിഎസ് നിർദേശ പ്രകാരം സ്വീകരിക്കുക
5. വായ്പാ തിരിച്ചടവ് മോണിറ്റർ ചെയ്യുകയും വിവരം എഡിഎസ്/സിഡിഎസുകൾക്ക് റിപ്പോർട്ടായി സമർപ്പിക്കുകയും ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എഡിഎസ്/സിഡിഎസ് ആവശ്യപ്പെടുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്യുക
6. പലിശ സബ്സിഡിക്ക് അർഹതയുള്ള അയൽക്കൂട്ടങ്ങളെ കണ്ടെത്തി സിഡിഎസ്/എഡിഎസ് കൾക്ക് റിപ്പോർട്ട് സമർപ്പിക്കുക
7. പലിശ സബ്സിഡി പ്രകാരമുള്ള അപേക്ഷകൾ തയ്യാറാക്കി ബാങ്കിൽ എത്തിക്കുകയും ആവശ്യമായ തുടർ നടപടികൾ നടത്തുന്നതിന് സിഡിഎസ്/എഡിഎസ് ആവശ്യപ്പെടുന്ന സേവനങ്ങൾ ലഭ്യമാക്കുകയും ചെയ്യുക
8. പലിശ സബ്സിഡി പ്രകാരം ഉള്ള പ്രതിമാസ തിരിച്ചടവ് തുക പലിശ, സബ്സിഡിയുടെ ക്രമീകരണം എന്നിവ സർക്കാർ മാർഗ്ഗനിർദേശ പ്രകാരം ആണെന്ന് ഉറപ്പുവരുത്തുന്നതിന് എഡിഎസ്/സിഡിഎസ് ആവശ്യപ്പെടുന്ന നടപടികൾ കൈക്കൊള്ളുക

9. ലഘു സമ്പാദ്യം, ബാങ്ക് ലിങ്കേജ്, വിവിധ വായ്പാ പദ്ധതികൾ തിരിച്ചടവ്, കുടുംബശ്രീ മുഖേനയും, സർക്കാർ വകുപ്പുകൾ വഴിയും ലഭ്യമാക്കുന്ന സബ്സിഡികൾ എന്നിവ സംബന്ധിച്ച് സാമാന്യ ബോധവൽക്കരണം അൽക്കൂട്ട തലത്തിൽ നടത്തുന്നതിന് സിഡിഎസ്/എഡിഎസ് കൾ നിർദേശിക്കുന്ന നടപടികൾ സ്വീകരിക്കുക

10. പ്രതിമാസ എം.ഐ.എസ് റിപ്പോർട്ടുകൾ Online ആയി സമർപ്പിക്കുന്നതിനുള്ള വിവരങ്ങൾ സിഡിഎസിന് ലഭ്യമാക്കുക

11. ഭവനശ്രീ പദ്ധതി ഗുണഭോക്താക്കളുടെ അയൽക്കട്ട തലത്തിലുള്ള വിവര ശേഖരണം നടത്തി റിപ്പോർട്ട് എഡിഎസ്/സിഡിഎസ്കൾക്ക് സമർപ്പിക്കുകയും, തിരിച്ചടവ് ഉറപ്പാക്കുന്നതിനും മോണിട്ടർ ചെയ്യുന്നതിനും സിഡിഎസ്/എഡിഎസ് കൾ നിർദേശിക്കുന്ന നടപടികൾ സ്വീകരിക്കുക

## സൂക്ഷ്മ സംരംഭ മേഖല

1. അയൽക്കൂട്ട അംഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ തൊഴിൽ മേഖലകൾ കണ്ടെതുതന്നതിന് അൽക്കൂട്ടങ്ങളെ പ്രാപരാക്കുന്നതിനാവശ്യമായ നടപടികൾ സിഡിഎസ്/എഡിഎസ് നിർദേശ പ്രകാരം കൈക്കൊള്ളുക
2. നഗര പ്രദേശത്ത് നിലവിലുള്ള തൊഴിൽ സംരംഭങ്ങളുടെ വിവര ശേഖരണം നടത്തുക, യൂണിറ്റുകളുടെ പ്രവർത്തനം പ്രതിമാസം മോണിറ്റർ ചെയ്യുകയും വിശദമായ റിപ്പോർട്ട് എഡിഎസ് / സിഡിഎസിന് സമർപ്പിക്കുകയും ചെയ്യുക
3. ധനകാര്യ സ്ഥാപനങ്ങളുടമായി ബന്ധപ്പെടുകയും, ഗുണഭോക്താക്കൾക്ക് വായ്പ ലഭ്യമാക്കുന്നതിനാവശ്യമ തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
4. സംരഭ നടത്തിപ്പുമായി ബന്ധപ്പെട്ട് യൂണിറ്റുകൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ വിലയിരുത്തി അവ യഥാസമയം എഡിഎസ്/സിഡിഎസ് സംവിധാനങ്ങളുടെ ശ്രദ്ധയിൽ കൊണ്ട് വരികയും യൂണിറ്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും, കാര്യക്ഷമാക്കുന്നതിനും എസ്/സിഡിഎസ് തീരുമാനിക്കുന്ന നടപടികൾ പ്രാവർത്തികമാക്കുകുയം ചെയ്യുക..
5. സംരംഭങ്ങൾ, തൊഴിലുകൾ ആരംഭിക്കുന്നതിന്/ഏർപ്പെടുന്നതിനാവശ്യമായ പരിശീലന മേഖലകൾ കണ്ടെത്തുന്നതിന് സിഡിഎസ്/എഡിഎസ് കൾ ആവശ്യപ്പെടുന്ന സേവനം നൽകുക

6. പരിശലന സ്ഥാപനങ്ങൾ കണ്ടെത്തുന്നതിനും പരിശീലനങ്ങൾ നടത്തുന്നതിനും ആവശ്യമായ മുന്നൊരുക്ക പ്രവർത്തനങ്ങളും പിന്തുണാ പ്രവർത്തനങ്ങളും കൈക്കൊള്ളുന്നതിന് എഡിഎസ്/സിഡിഎസുകളെ സഹായിക്കുക
7. ജനറൽ ഓറിയെന്റേഷൻ പരിശീലനം, ഇഡിപി, വൈദഗ്ദ്ധ്യവികസന പരിശീലനങ്ങൾ എന്നിവ നടത്തുന്നതിന് സിഡിഎസ്/എഡിഎസ് ആവശ്യപ്പെടുന്ന സേവനങ്ങൾ ലഭ്യമാക്കുക
8. തൊഴിൽ മേഖലകളിൽ പരിശീലനം നൽകുന്നവരുടെ തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിനും സ്ഥാപനങ്ങളുമായി സംയോജിപ്പിച്ച് തൊഴിൽ പരിശീലനങ്ങൾ ഏറ്റെടുക്കുന്ന പക്ഷം ഇത്തരം സ്ഥാപനങ്ങൾ മുഖേന ലഭ്യമാക്കുന്ന തൊഴിൽ അവസരങ്ങളുടെ വിവരം ശേഖരിക്കുന്നതിനും സിഡിഎസ്/എഡിഎസുകൾ നിർദേശിക്കുന്ന സേവനങ്ങൾ ലഭ്യമാക്കുക
9. എസ്ജെഎസ്ആർവൈ പദ്ധതി പ്രകാരം ഉള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് സിഡിഎസ്/എഡിഎസ് കൾ നിർദേശിക്കുന്ന സേവനങ്ങൾ ലഭ്യമാക്കുക
10. എസ്ജെഎസ്ആർവൈ സംരംഭ ഗ്രൂപ്പുകളുടേയും, യുവശ്രീ ഗുണഭോക്താക്കളുടേയും അപേക്ഷക തയ്യാറാക്കി സിഡിഎസുകൾക്ക് സമർപ്പിക്കുക, അപേക്ഷക സ്വീകരണ രജിസ്റ്റർ സൂക്ഷിക്കുക, അപേക്ഷകൾ ബാങ്കുകൾക്ക് നൽകു, പരിശോധന നടത്തിപ്പിക്കുക, ലോൺ അനുവദിക്കുക എന്നീ മേഖലകളിൽ എഡിഎസ്/സിഡിഎസ് നിർദേശിക്കുന്ന സേവനങ്ങൾ ലഭ്യമാക്കുക
11. ഇത്തരത്തിലുള്ള വായ്പകളുടെ മാസത്തവണ തീരുമാനിക്കൽ , പലിശ, സബ്സിഡി ക്രമീകരണം എന്നിവ സർക്കാർ മാർഗ്ഗനിർദേശപ്രകാരമാണെന്ന് ഉറപ്പുവരുത്തുന്നതിന് സിഡിഎസ്/എഡിഎസ് നിർ ദേശിക്കുന്ന നടപടികൾ കൈക്കൊള്ളുക
12. ഉൽപന്നങ്ങൾക്ക് വിപണനം ഉറപ്പുവരുത്തുക, മാസചന്തകൾ, ആഘോഷ ചന്തകൾ മേളകൾ എന്നിവയെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും, സംഘടിപ്പിക്കുന്നതിനും വിപണിയെകുറിച്ച് ഗുണഭോക്താക്കൾക്ക് അവബോധം ഉണ്ടാക്കുന്നതിനും സിഡിഎസ്/എഡിഎസ് നിർദേശിക്കുന്ന നപടികൾ സ്വീകരിക്കുക
13. എസ്ജെഎസ്ആർവൈ സംരംഭ ഗ്രൂപ്പുകൾ, യുവശ്രീ സംഘകൃഷി എന്നിവ സംബന്ധിച്ച എം.ഐ.എസ് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള വിവരങ്ങൾ സിഡിഎസ് അക്കൗണ്ടിന്റിന് ലഭ്യമാക്കുക

14. നിലവിലുള്ള എം.ഇ സംരംഭകരുടെ പരിശീലന ആവശ്യങ്ങൾ തിട്ടപ്പെടുത്തുകയും റിപ്പോർട്ട് എഡിഎസ്/സിഡിഎസ് കൾക്ക് സമർപ്പിക്കുകയും പരിശീലപരിപാടികൾ നടപ്പിലാക്കുന്നതിനും, ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും സിഡിഎസ്/എഡിഎസ് ആവശ്യപ്പെടുന്ന സേവനങ്ങൾ ലഭ്യമാക്കുക
15. റിവോൾവിംഗ് ഫണ്ട് മുതലായ കുടുംബശ്രീയുടെ മറ്റു പദ്ധതി സഹായങ്ങൾ സംരംഭങ്ങൾക്ക് ലഭ്യമാക്കുന്നതിന് എഡിഎസ്/സിഡിഎസ് ആവശ്യപ്പെടുന്ന സേവനങ്ങൾ ലഭ്യമാക്കുക

<u>സാമൂഹ്യ വികസന മേഖല</u>

1. ആശ്രയ പദ്ധതി നിലവിലില്ലാത്ത നഗരസഭകൾ അവ രൂപീകരിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും സിഡിഎസ്/എഡിഎസ് നിർദേശിക്കുന്ന സേവനം ലഭ്യമാക്കുക
2. നിലവിലുള്ള ആശ്രയ പദ്ധതി യുടെ അവലോകനം നടത്തുന്നതിനും, ഗുണമേന്മയോടെ നടപ്പിലാക്കുന്നതിനും സിഡിഎസ്/എഡിഎസ് നിർദേശിക്കുന്ന പ്രവർത്തനങ്ങൾ കൈക്കൊള്ളുക
3. ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട കുടുംബങ്ങൾ ഉണ്ടെങ്കിൽ അത്തരം കുടുംബങ്ങളെ കണ്ടെത്തി പദ്ധതിയിൽച്ചേർക്കുന്നതിന് നഗരസഭകളുമായി ചർച്ച നടത്തുന്നതിന് സിഡിഎസ്/എഡിഎസ് നിർദേശിക്കുന്ന ഇടപെടലുകൾ നടത്തുക
4. ആശ്രയ പദ്ധതിയെ സംബന്ധിച്ച് പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കി സിഡിഎസിന് സമർപ്പിക്കുക
5. അയൽക്കൂട്ടങ്ങളുടെ കീഴിൽ ബാലസഭ രൂപീകരിക്കുന്നതിന് സിഡിഎസ്/എഡിഎസ് നിർദേശിക്കുന്ന നടപടികൾ കൈക്കൊള്ളുക
6. ബാലസഭാ പ്രവർത്തനങ്ങളെ സംബന്ധിച്ച റിപ്പോർട്ടുകൾ തയ്യാറാക്കി സിഡിഎസിന്റെ ചർച്ചയ്ക്കായി സമർപ്പിക്കുക
ബാലസഭയിൽ അംഗങ്ങളായ കുട്ടികളുടെ വിവര ശേഖരണം നടത്തി അവരുടെ സർഗ്ഗാത്മകമായ വളർച്ചയ്ക്കും, ഉന്നമനത്തിനുമാവശ്യമായ കരിയർ ഗൈഡൻസ്, കലാപരവും, കായികപരവുമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് കളിയരങ്ങളുകളും, കലാ സംഗമങ്ങളും സംഘടിപ്പിക്കുന്നതിന് എഡിഎസ്/സിഡിഎസ് നിർദേശിക്കുന്ന നടപടികൾ സ്വീകരിക്കുക

7. കുട്ടികളിൽ കാർഷിക ബോധവും, സമ്പാദ്യ ശീലവും, വളർത്തുന്നതിന് ഉതകുന്ന പരിപാടികൾക്ക് രൂപം കൊടുത്ത് സിഡിഎസ്/എഡിഎസ് കളുടെ പരിഗണനയക്ക് സമർപ്പിക്കുക

8. ബാലസഭാ പ്രവർത്തനം വേണ്ടത്ര ശക്തമല്ലാത്ത നഗരസഭകളിൽ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും, അത്തരം നഗരസഭകളെ ബാല നഗരസഭകളായി പ്രഖ്യാപിക്കുന്നതിനും ഉതകുന്ന തരത്തിലേക്ക് ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള ന്ടപടികൾ സിഡിഎസ്/എഡിഎസ് കളുടെ നിർദേശ പ്രകാരം കൈക്കൊള്ളുക

9. സ്ത്രീ പദവി സ്വയം പഠന പ്രവർത്തനങ്ങൾ അയൽക്കൂട്ട തലങ്ങളിൽ എത്തിക്കുന്നതിനാവശ്യമായ സേവനം സിഡിഎസ്/എഡിഎസ് സംവിധാനങ്ങൾക്ക് ലഭ്യമാക്കുക

10. സ്ത്രീപദവി സ്വയം പഠന പ്രക്രിയ സംഘടിപ്പിക്കുന്നതിനാവശ്യമായ പഠന ക്ലാസുകൾ, സെമിനാറുകൾ, പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിന് സിഡിഎസ് നിർദേശിക്കുന്ന നടപടികൾ സ്വീകരിക്കുക

11. പൊതു സ്ഥലങ്ങളിലേയും, സ്ഥാപനങ്ങളിലേയും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും സ്തീകൾക്കു നേരെയുള്ള അതിക്രമങ്ങൾക്ക് പരിഹാരം കാണുന്നതിനും സിഡിഎസ്/എഡിഎസ് തീരുമാനപ്രകാരമുള്ള നടപടികൾ കൈക്കൊള്ളുക

12. ജാഗ്രതാസമിതി, വനിതാസെൽ, കുടുംബകോടതി, വനിതാകമ്മീഷനുകൾ എന്നീ സമിതികളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് അയൽക്കൂട്ട തലത്തിൽ അവബോധം സൃഷ്ടിക്കുന്നതിനും, നിയമ ബോധന - വ്യക്തിത്വ വികസന ക്ലാസുകൾ സംഘടിപ്പിക്കുന്നതിനും സിഡിഎസ്-എഡിഎസ് തീരുമാനപ്രകാരമുള്ള നടപടികൾ സ്വീകരിക്കുക

13. വിവിധ ക്ഷേമ പെൻഷനുകൾക്ക് അർഹതപ്പെട്ട അയൽക്കൂട്ട അംഗങ്ങളെ കണ്ടെത്തി അവർക്ക് പെൻഷൻ ലഭ്യമാക്കുന്നതിനും ആവശ്യമായ വിവരങ്ങൾ സിഡിഎസ്/സിഡിഎസുകൾക്ക് ലഭ്യമാക്കുക

14. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സഹായം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സിഡിഎസ്/എഡിഎസ് നിർദേശ പ്രകാരം സ്വീകരിക്കുക

15. പാർശ്വവൽക്കരിക്കപ്പെട്ടവരുടെ പുനരധിവാസത്തിന് ഉതകുന്ന പരിപാടികൾ ആവിഷ്ക്കരിക്കുന്നതിന് സഹായകരമായ വിവരങ്ങൾ സിഡിഎസ് എഡിഎസുകൾക്ക് ലഭ്യമാക്കുക

16. ആശ്രയ ബാലസഭ, സ്ത്രീപദവി പഠനം, സംഘടനാ ശാക്തീകരണം, നഗര തൊഴിൽ എന്നീ വിഷയങ്ങളെ സംബന്ധിച്ച് എംഐഎസ് തയ്യാറാക്കുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിച്ച് സിഡിഎസിന് ലഭ്യമാക്കുക

## കേന്ദ്രാവിഷ്കൃത പദ്ധതി നിർവ്വഹണം

1. കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന വിവിധ കേന്ദ്ര - സംസ്ഥാനാവിഷ്കൃത പദ്ധതികളെ സംബന്ധിച്ച് അയൽക്കൂട്ട തലങ്ങളിൽ വ്യാപകമായ പ്രചരണം നടത്തുകയും അംഗങ്ങൾക്ക് വേണ്ട മാർഗ്ഗനിർദേശങ്ങൾ നൽകുകയും ചെയ്യുക.
2. ഐഎച്ച്എസ്ഡിപി/ ബിഎസ്‌യുപി ചേരികളിൽ ക്ലസ്റ്റർ ഡെവലെപ്പ്മെന്റ് കമ്മറ്റികൾ രൂപീകരിക്കുന്നതിന് സിഡിഎസ്/എഡിഎസ് നിർദേശപ്രകാരമുള്ള നടപടികൾ കൈക്കൊള്ളുക
3. ക്ലസ്റ്റർ ഡെവലെപ്പെമെന്റ് കമ്മിറ്റികളുടെ എക്സിക്യൂട്ടീവ് എല്ലാമാസവും 15 ദിവസത്തിലൊരിക്കലും, ജനറൽ ബോഡി എല്ലാ മൂന്ന് മാസത്തിലൊരിക്കലും ചേരുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സിഡിഎസ്/എഡിഎസ് ആവശ്യപ്പെടുന്ന സേവനങ്ങൾ ലഭ്യമാക്കുക
4. ഐഎച്ച്എസ്ഡിപി /ബിഎസ്‌യുപി ചേരികളിലെ ഭവന നിർമ്മാണത്തിനും, ഭവന പുനരുദ്ധാരണത്തിനും സഹായം ലഭിക്കുന്ന എല്ലാ കുടുംബങ്ങൾക്കും വീടിനോട് ചേർന്ന് സെപ്റ്റിക് ടാങ്കുകൾ, കക്കൂസുകൾ എന്നിവ ഉണ്ടെന്ന് ഉറപ്പുവരുത്തി റിപ്പോർട്ട് സിഡിഎസ്/എഡിഎസിന് നൽകുക
5. ഐഎച്ച്എസ്ഡിപി/ ബിഎസ്‌യുപി ചേരികളിൽ പ്രോജക്ട് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള പുതിയ വീടുകൾ , വീടു നന്നാക്കൽ, കമ്മ്യൂണിറ്റി വർക്കുകൾ, കുടിവെള്ള- മാലിന്യ സംസ്ക്കരണ പണികൾ, തുടങ്ങിയ എല്ലാ ഘടകങ്ങളുടേയും വിശദ വിവരം തയ്യാറാക്കി ക്ലസ്റ്റർ ഡെവലെപ്പ്മെന്റ് കമ്മറ്റികളുടെ എക്സിക്യൂട്ടീവിനും എഡിഎസ്/സിഡിഎസുകൾക്കും ലഭ്യമാക്കുക. ഈ കുറിപ്പ് അനുസരിച്ചുള്ള പണികളുടെ പുരോഗതി ക്ലസ്റ്റർ ഡെവലെപ്പ്മെന്റ് കമ്മറ്റി എക്സിക്യൂട്ടീവിൽ അവലോകനം ചെയ്യുന്നു എന്ന് ഉറപ്പാക്കുന്നതിന് എഡിഎസ്/സിഡിഎസ് ആവശ്യപ്പെടുന്ന സേവനങ്ങൾ ലഭ്യമാക്കുക

6. ഐഎച്ച്എസ്പി /ബിഎസ്‌യുപി ചേരികളിലെ കുടിവെള്ള, മാലിന്യ സംസ്കരണ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും, നിരീക്ഷിക്കുകയും ഇത് സംബന്ധിച്ച് റിപ്പോർട്ട് സിഡിഎസ്/എഡിഎസുകൾക്ക് നൽകുകയും ചെയ്യുക . നഗര സഭകളുമായി ബന്ധപ്പെട്ട് ഈ വിഷയത്തിന് പരിഹാരം കാണുന്നതിന് സിഡിഎസ്/എഡിഎസ് ആവശ്യപ്പെടുന്ന സേവനങ്ങൾ ലഭ്യമാക്കുക

7. വിവിധ കേന്ദ്ര- സംസ്ഥാനാവിഷ്കൃത പദ്ധതി നടത്തിപ്പിനുള്ള അടിസ്ഥാന വിവര ശേഖരണ പ്രവർത്തനങ്ങൾ നടത്തി റിപ്പോർട്ട് സിഡിഎസ്/എഡിഎസ് ന് സമർപ്പിക്കുക

8. ഐച്ച്എസ്ഡിപി/ബിഎസ്‌യുപി ഗുണഭോക്താക്കൾക്ക് ഗുണഭോക്തൃവിഹിതം സമാഹരിക്കുന്നതിനും ബാങ്ക് വായ്പ ആവശ്യമായി വരികയാണെങ്കിൽ ഡിആർഐ പോലുള്ള ലഘു പലിശാ വായ്പകൾ സംഘടിപ്പിച്ചു കൊടുക്കുന്നതിനും ഭവന നിർമ്മാണത്തിന് അധിക വിഭവ സമാഹരണം ആവശ്യമായി വരുന്ന പക്ഷം ബാങ്ക് വായ്പകൾ ഗുണഭോക്താക്കൾക്ക് സംഘടിപ്പിച്ചു നൽകുന്നതിനും ആവശ്യമായ സേവനങ്ങൾ സിഡിഎസ്/എഡിഎസ് നിർദേശാനുസരണം ലഭ്യമാക്കുക

9. ഐഎച്ച്എസ്പി /ബിഎസ്‌യുപി ചേരികളിലെ ഖരമാലിന്യ സംസ്ക്കരണ സംവിധാനം, അംഗനവാടികൾ, കമ്മ്യൂണിറ്റി സെന്ററുകൾ, ലൈവിലിഹുഡ് സെന്ററുകൾ, മഴ വെള്ള സംഭരണികൾ, തുടങ്ങിയ പൊതു ആസ്തികളുടെ നടത്തിപ്പും പരിപാലനവും സംബന്ധിച്ച രൂപരേഖകൾ തയ്യാറാക്കി സിഡിഎസ്/എഡിഎസ്കൾക്ക് സമർപ്പിക്കുക

10. ഐ.എച്ച്സ്ഡിപി/ബിഎസ്‌യുപി പദ്ധതി ഗുണഭോക്കാക്കളെ മാറ്റേണ്ട സാഹചര്യം ഏതെങ്കിലും ചേരികളിൽ ഉണ്ടോ എന്നും പ്രോജക്ടിൽ പറഞ്ഞിട്ടുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ മാറ്റേണ്ട സാഹചര്യം ഉണ്ടോയെന്നും വിലയിരുത്തി റിപ്പോർട്ട് സിഡിഎസ്/എഡിഎസുകൾക്ക് സമർപ്പിക്കുക. നഗരസഭകളുമായി ഇത്തരം വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് സിഡിഎസ്/എഡിഎസ് കൾ ആവശ്യപ്പെടുന്ന സേവനം ലഭ്യമാക്കുക

11. കുടുംബശ്രീ ജില്ലാ - സംസ്ഥാന മിഷനുകൾ, പുറത്തുനിന്നുള്ള ഏജൻസികൾ എന്നിവർ നടത്തുന്ന പരിശോധനയെ സഹായിക്കുന്നതിന് സിഡിഎസ്/എഡിഎസ് ആവശ്യപ്പെടുന്ന സേവനങ്ങൾ ലഭ്യമാക്കുക

12. ഐഎച്ച്സ്ഡിപി പ്രോജക്ടിന്റെ ഭാഗമായി വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് എഡിഎസ്/സിഡിഎസ് ആവശ്യപ്പെടുന്ന സേവനങ്ങൾ ലഭ്യമാക്കുക, പിന്തുണാ പ്രവർത്തനങ്ങൾ കൈക്കൊള്ളുക
13. ഐച്ച്എസ്ഡിപി/ബിഎസ്യുപി ചേരികളിൽ സാമൂഹ്യ നിരീക്ഷണം ഉറപ്പാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ശേഖരിച്ച് നൽകുക, നിരീക്ഷണ പ്രക്രിയയിലും, അതിന്റെ ഭാഗമായി ചോദ്യാവലി രൂപപ്പെടുത്തുന്നതിനും എഡിഎസ്/സിഡിഎസ് നിർദേശങ്ങൾക്കുവിധേയമായി മറ്റു പിന്തുണാ, സാങ്കേതിക സേവനങ്ങൾ ലഭ്യമാക്കുക. ചോദ്യാവലിയിൽ പ്രതിപാദിച്ചിട്ടുള്ള സേവനങ്ങൾ ലഭിക്കുന്നുണ്ടോ എന്നും, ലഭിക്കുന്ന സേവനങ്ങളിലെ അപാകതകൾ എന്തൊക്കെയാണെന്നും തിട്ടപ്പെടുത്തുന്നതിന് ക്ലസ്റ്റർ ഡെവലെപ്പ്മെന്റ് സൊസൈറ്റികളെ പ്രാപ്തമാക്കുക
14. ഐച്ച്എസ്ഡിപി/ബിഎസ്യുപി പദ്ധതികളിൽ ബഹു നിലമന്ദിരങ്ങൾ പണിയുമ്പോൾ അതിലെ താമസക്കാരെ മുൻകൂട്ടി നിശ്ചയിക്കുന്നതിന് ഉതകുന്ന മാനദണ്ഡങ്ങൾ വികസിപ്പിക്കുന്നതിനും ഈ വിഷയം നഗരസഭകളുമായി ചർച്ച ചെയ്യുന്നതിനും ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുകയും സിഡിഎസ്/എഡിഎസ് നിർദേശിക്കുന്ന നടപടിക്രമങ്ങൾ കൈക്കൊള്ളുകയും ചെയ്യുക

**<u>സംഘകൃഷി, നഗര തൊഴിൽ മേഖല</u>**

1. തരിശു ഭൂമി കൃഷിക്ക് ഉപയുക്തമാക്കുന്ന തരത്തിൽ സംഘകൃഷി പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിന് സിഡിഎസ്/എഡിഎസ് ആവശ്യപ്പെടുന്ന സേവനങ്ങൾ ലഭ്യമാക്കുക
2. കൃഷി ഭവനുകളിൽ നിന്നും ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ സംഘകൃഷി ഗ്രൂപ്പുകൾക്ക് ലഭ്യമാക്കുന്നതിന് എഡിഎസ്/സിഡിഎസ് നിർദേശിക്കുന്ന നടപടികൾ സ്വീകരിക്കുക
3. സംഘകൃഷി ഗ്രൂപ്പുകൾക്ക് മാർഗനിർദേശ പ്രകാരം ലഭിക്കാവുന്ന ഉൽപാദന ഇൻസെന്റീവും, ഏരിയാ ഇൻസെന്റീവും ലഭ്യമാക്കുന്നതിന് എഡിഎസ്/സിഡിഎസ് നിർദേശിക്കുന്ന സേവനങ്ങൾ ലഭ്യമാക്കുക
4. സംഘ കൃഷി ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് നഗരസഭകളും, വിവിധ സംസ്ഥാന ഏജൻസികളുമായുള്ള സംയോജിത നടപടികൾ സ്വീകരിക്കുന്നതിന് സിഡിഎസ്/എഡിഎസ് ആവശ്യപ്പെടുന്ന വിവരങ്ങൾ ലഭ്യമാക്കുക

5. മണ്ണിന്റെ പ്രത്യേകകൾ പരിശോധിക്കുന്നതിനും അതിനുസൃതമായി കൃഷി രീതി ക്രമപ്പെടുത്തുന്നതിനും സംഘ കൃഷി ആക്റ്റിവിറ്റി ഗ്രൂപ്പുകളെ പ്രാപ്തമാക്കുന്നതിനുള്ള നടപടികൾ എഡിഎസ്/സിഡിഎസ് നിർദേശപ്രകാരം സ്വീകരിക്കുക
6. നഗര തൊഴിൽ പരിപാടികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ സോഷ്യൽ മൊബലൈസേഷൻ നടത്തുന്നതിന് സിഡിഎസ്/എഡിഎസ് നിർദേശിക്കുന്ന നടപടികൾ സ്വീകരിക്കുക
7. തൊഴിൽ ചെയ്യാൻ താൽപര്യമുള്ള അയൽക്കൂട്ട അംഗങ്ങളുടെ രിജസ്ട്രേഷൻ നടത്തുന്നതിനും, തൊഴിൽ കാർഡ് ലഭ്യമാക്കുന്നതിനും സിഡിഎസ് നിർദേശിക്കുന്ന നടപടികൾ സ്വീകരിക്കുക
8. തൊഴിൽ അപേക്ഷകൾ സ്വീകരിച്ച് നഗരസഭയ്ക്ക് സമർപ്പിക്കൽ, തൊഴിൽ അനുവദിച്ചുകൊണ്ടുള്ള അറിയിപ്പ് നൽകൽ, തൊഴിൽ നൽകിയില്ലെങ്കിൽ തൊഴിലില്ലായ്മാ വേതനം ലഭ്യമാക്കൽ എന്നീ പ്രവർത്തനങ്ങളിൽ സിഡിഎസ്/എഡിഎസ് നിർദേശപ്രാകരമുള്ള നടപടികൾ സ്വീകരിക്കുക
9. അയൽക്കൂട്ട തലത്തിൽ പ്രായോഗികമായ പണികൾ കണ്ടെത്തുന്നതിനുള്ള ലിസ്റ്റ് സിഡിഎസിന് സമർപ്പിക്കൽ
10. തൊഴിൽ സ്ഥലത്ത് വിശദീകരണ യോഗങ്ങൾ നടത്തുന്നതിനും, തൊഴിൽ സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനും വേതനം കൃത്യ സമയത്ത് ലഭ്യമാക്കുന്നതിനും മേറ്റുകൾക്കാവശ്യമായ സഹായങ്ങൾ നൽകുക

Secretary